LIBRARY ARCHIVES Kerala Legislative Assembly

ഭൂമികുലുക്കം മൂലം ജലവൈദ്യുത പദ്ധതികൾക്ക് ഉണ്ടായ ബലക്ഷയം

116 (341) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്തിടെയുണ്ടായ ഭൂമികുലുക്കത്തിൽ ഏതെല്ലാം ജലവൈദ്യുതപദ്ധതികളുടെ അണക്കെട്ടുകൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ബലക്ഷയം ജലവൈദ്യുത പദ്ധതികളെ എങ്ങിനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ബലക്ഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ ഭൂമികുലുക്കത്തിൽ സംസ്ഥാനത്തെ ഒരു ജലവൈദ്യുത പദ്ധതിയുടേയും അണക്കെട്ടിന് ബലക്ഷയം ഉണ്ടായിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ അണക്കെട്ടിൽ ഭൂമി കുലുക്കത്തെത്തുടർന്ന് ചിലയിടങ്ങളിൽ വിള്ളലും മറ്റും വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാമിനുണ്ടായിട്ടുള്ള ഈ ബലക്ഷയം തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽകൊണ്ടുവരികയും സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട്

117 (342) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിൽ പള്ളിവാസൽ ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പർട്ടിലെ നിർദ്ദേശം ഗവൺമെന്റ് സ്വീകരിച്ചുവോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികളുടെ നവീകരണം സംബന്ധിച്ച വർക്ക് ആർക്കാണ് നല്കിയത് ;

(ഇ) ടെൻഡർ വിളിച്ചശേഷമാണോ ഈ വർക്ക് അവാർഡ് ചെയ്തത് ;

(എഫ്) അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) എന്തു തുകയ്ക്കാണ് ഈ വർക്ക് നൽകിയത് ;

(എച്ച്) ഈ വർക്കുകളുടെ ജനറേറ്ററുകൾ മാറ്റുന്നതിന് മാത്രം ഭാരിച്ച തുക നല്കുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;